# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :703** **29.10.2019-ൽ മറുപടിക്ക്**

## ഒരു കോടിയിലധികം തുക പിൻവലിക്കുന്നതിന് ഏർപ്പെടുത്തിയ നികുതി

**ചോദ്യം** — **ശ്രീ.സണ്ണി ജോസഫ്**

**മറുപടി** — **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഒരു കോടി രൂപയിൽ കൂടുതൽ തുക പണമായി പിൻവലിച്ചാൽ 2 ശതമാനം നികുതി നൽകണമെന്ന വ്യവസ്ഥ പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സംഘങ്ങൾക്കും ബാധകമാണെന്ന് ആദായ നികുതി വകുപ്പ് അറിയിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | കോഴിക്കോട്, തിരുവനന്തപുരം, കണ്ണൂർ റേഞ്ചിലെ ആദായ നികുതി വകുപ്പ് ആഫീസർമാർ (TDS) ഇത് സംബന്ധിച്ച് വയനാട്, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ ജില്ലാ സഹകരണ ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) | പിൻവലിക്കുന്ന പണത്തിന് നികുതി അടച്ചില്ലെങ്കിൽ പിഴ ഈടാക്കുന്നതിന് പുറമെ നികുതി വെട്ടിപ്പിന് സഹായം നൽകിയതായി കണക്കാക്കി ക്രിമിനൽ നടപടി സ്വീകരിക്കുമെന്ന് ആദായ നികുതി വകുപ്പ് സഹകരണ സംഘങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; | | |
| (സി) | ഈ പുതിയ വ്യവസ്ഥ സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾക്കും, സഹകരണ സംഘങ്ങൾക്കും ദോഷകരമായി ബാധിക്കുന്ന ഒന്നാകയാൽ ഇക്കാര്യത്തിൽ അടിയന്തര ഇടപെടലുകൾ നടത്തുമോയെന്ന് വെളിപ്പെടുത്തുമോ? | (സി) | ആദായനികുതി നിയമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള 194 N എന്ന വകുപ്പ് സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ദോഷകരമായതിനാൽ ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് 03.10.2019-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് വിഷയം വിശദമായി ചർച്ച ചെയ്യുകയും ടി നിയമ ഭേദഗതിമൂലം കേരളത്തിലെ സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട കേന്ദ്രധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രകൃഷിവകുപ്പ് മന്ത്രി എന്നിവർക്ക് 11.10.2019-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നേരിട്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**